പ്രതികരണം

●

അബൂബക്കർ നദ്‌വി

# വേണം ഒരു പുതുസാമ്പത്തിക കാഴ്ചപ്പാട്

**ഏതൊരു** രാജ്യവും ജീവിതത്തിന്റെ സർവമേഖലകളിലും സ്വയംപര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തോടെയാണ് വികസന പദ്ധതികൾ ആസൂത്രണം ചെയ്തുകൊണ്ടിരിക്കുന്നത്. കേന്ദ്രവും സംസ്ഥാനങ്ങളും വെവ്വേറെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കികൊണ്ടിരിക്കുന്നു. കൊട്ടിഘോഷിക്കപ്പെട്ട പഞ്ചവത്സര പദ്ധതികൾ പലതും പിന്നിട്ട് കഴിഞ്ഞിട്ടും രാജ്യം സാമ്പത്തിക രംഗത്ത് കൂടുതൽ സങ്കീർണതകൾ നേരിട്ട് കൊണ്ടിരിക്കുകയാണ്.

രാജ്യം വമ്പിച്ച കടക്കെണിയിലേക്ക് നീങ്ങുന്നു. കടം വർധിക്കുന്നതനുസരിച്ച് നമ്മുടെ കാലിനടിയിലെ മണ്ണാണ് ചോർന്നു പൊയ്ക്കൊണ്ടിരിക്കുന്നത്. സാമ്പത്തിക പുരോഗതി എന്നാൽ ലോകബാങ്കിൽനിന്നും ഐ.എം.എഫിൽനിന്നും കടമെടുക്കലാണെന്ന് രാഷ്ട്രീയ നേതാക്കൾ ധരിച്ചു വശായിരിക്കുന്നു. അതിനാൽ അവർ കടമെടുക്കാൻ നെട്ടോട്ടമോടുന്നു.

സ്വന്തം സാമ്പത്തിക സ്രോതസ്സുകൾ ഉപയോഗപ്പെടുത്തി, വിദേശ വായ്പ എടുക്കാതെ തന്നെ പദ്ധതികൾ നടപ്പാക്കാൻ കഴിയുമെന്ന് സംസ്ഥാന ആസൂത്രണ കമീഷൻ ഉപാധ്യക്ഷൻ തറപ്പിച്ച് പറയുന്നു. ആ അഭിപ്രായം തള്ളിക്കൊണ്ട് ധനമന്ത്രി പറഞ്ഞത് ആരെതിർത്താലും കടം വാങ്ങുമെന്നാണ്. യഥാർഥത്തിൽ ആസൂത്രണ കമീഷൻ ഉപാധ്യക്ഷൻ അഭിപ്രായപ്പെട്ടതല്ലേ ശരി? സംസ്ഥാനങ്ങൾ അവരുടെ റവന്യൂ വരുമാനം ചെലവഴിക്കുന്നതിൽ ചില നിയന്ത്രണങ്ങളും പുനഃക്രമീകരണങ്ങളും ഏർപ്പെടുത്തേണ്ടിവരുമെന്ന് മാത്രം. ഓരോ സർക്കാർ വകുപ്പും അവയുടെ ചെലവുകൾ കർശനമായി നിയന്ത്രിക്കുകയാണ് ആദ്യം വേണ്ടത്. മന്ത്രിമാരും സർക്കാർ ഉദ്യോഗസ്ഥരും ഒഴിച്ചുകൂടാനാവാത്ത ആവശ്യങ്ങൾക്കേ യാത്ര ചെയ്യാവൂ. നാടമുറിക്കലും പാലം ഉദ്ഘാടനം ചെയ്യലും അതത് പ്രദേശത്തെ നേതാക്കളും ഉദ്യോഗസ്ഥരും നിർവഹിക്കട്ടെ. കിലോമീറ്റർ കണക്കാക്കി യാത്രപ്പടി വാങ്ങുന്ന ഏർപ്പാട് ജനപ്രതിനിധികൾ അവസാനിപ്പിക്കണം. നികുതിദായകരായ സാധാരണക്കാർ തിക്കിലും തിരക്കിലും രണ്ടാംക്ലാസിൽ യാത്ര ചെയ്യുമ്പോൾ മന്ത്രിമാരും ഉന്നത ഉദ്യോഗസ്ഥരും ശീതീകരിച്ച ഒന്നാംക്ലാസ് മുറിയിൽ

സഞ്ചരിക്കുന്ന ഏർപ്പാടും പുനഃപരിശോധിക്കണം.

സോണിയാഗാന്ധി വള്ളംകളി മത്സരം ഉദ്ഘാടനം ചെയ്യാൻ മാത്രം ദൽഹിയിൽനിന്ന് തിരുവനന്തപുരത്തേക്കും അവിടെനിന്ന് ഹെലികോപ്റ്ററിൽ ഉദ്ഘാടന സ്ഥലത്തേക്കും പറന്നു. വള്ളങ്ങൾ കായയിലൂടെ ചീറിപ്പാഞ്ഞു. ജനം കൈയടിച്ചു പ്രോത്സാഹിപ്പിച്ചു. കേരള മന്ത്രിമാരിൽ ചിലരും ആഘോഷത്തിൽ പങ്കെടുത്തു. അപ്പോൾ കേരളത്തിലെ പട്ടിണി പാവങ്ങൾ ഇതൊന്നുമറിയാതെ ഒട്ടിയ വയറുമായി ഒരു നേരത്തെ ആഹാരത്തിനുവേണ്ടി കേഴുകയായിരുന്നു. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ യു.ഡി.എഫിനുവേണ്ടി പ്രചാരണം നടത്താൻ എ.ഐ.സി.സി ജനറൽ സെക്രട്ടറി രാഹുൽഗാന്ധി കേരളത്തിൽവന്നു. അകമ്പടി വാഹനങ്ങളുടെ നീണ്ട നിരകൾ സൃഷ്ടിച്ച് ഗതാഗതക്കുരുക്ക് ജനങ്ങളെ പൊറുതി മുട്ടിച്ചു.

ഇപ്പോൾ ഇതാ സീതാപൂരിൽനിന്ന് ഒരു പുതിയ വാർത്ത. പാവപ്പെട്ട ആദിവാസികളെ കണ്ട് ആശ്വസിപ്പിക്കാനും അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കാനും രാഹുൽഗാന്ധി സീതാപൂരിലേക്ക് പുറപ്പെട്ടു. ഹെലികോപ്റ്ററിലാണ് യാത്ര. പക്ഷേ വിവാദമായത് രാഹുൽ ഇരുട്ടത്ത് ഗ്രാമത്തിൽ കോപ്റ്റർ ഇറക്കിച്ചോ എന്നതാണ്. രാഹുലിന്റെ മറുപടി ഇതായിരുന്നു. 'താനും ഒരു പൈലറ്റാണ്. ഇരുട്ടത്ത് കോപ്റ്റർ ഇറക്കുന്ന പ്രശ്നമേയില്ല.'

മുമ്പ് കേരളത്തിലെ മുഖ്യമന്ത്രിപദം ഏറ്റെടുക്കാൻ ദൽഹിയിലായിരുന്ന എ.കെ ആന്റണി കോടികൾ ചെലവഴിച്ച് പ്രത്യേക വിമാനത്തിൽ തിരുവനന്തപുരത്ത് വന്നിറങ്ങിയതും മറക്കാറായിട്ടില്ല.

ഇതെല്ലാം ആരുടെ വിയർപ്പിന്റെ വിലയാണെന്ന് വല്ലപ്പോഴും ഇവർ ചിന്തിച്ചിട്ടുണ്ടോ? ■